പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : T 6293 — 11.07.2012-ൽ മറുപടിക്ക്.

## ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) ഇൻഷ്വറൻസ് കമ്പനികളുടെ അനാസ്ഥ മൂലം മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണലുകളിൽ അനേകം കേസ്സുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) പത്തനംതിട്ട എം.എ.സി.റ്റി. യിൽ 1998 മുതലുള്ള എണ്ണായിരത്തോളം വരുന്ന കേസ്സുകൾ തീർപ്പാകാതെ കിടക്കുകയാണെന്നുള്ളത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ; | : (എ) & (ബി)<br><br>31.05.2012 വരെ 7915 കേസ്സുകൾ പത്തനംതിട്ട എം.എ.സി.റ്റി.യിൽ തീർപ്പാകാതെ കിടക്കുന്നുണ്ട്. ഇവ തീർപ്പാക്കുന്നതിന് വേണ്ടി സമയബന്ധിതമായി ലക്ഷ്യം നിശ്ചയിച്ചു നൽകുക, ആൾട്ടർനേറ്റ് ഡിസ്പ്യൂട്ട് റീഡ്രസ്സൽ സംവിധാനങ്ങളായ അദാലത്തുകൾ, കോടതിയ്ക്കു പുറത്തുള്ള അനുരഞ്ജനം തുടങ്ങിയവ നടപ്പാക്കാൻ ഹൈക്കോടതിയുടെ ശക്തമായ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) വിധിയായ കേസ്സുകളിൽ ഇൻഷ്വറൻസ് കമ്പനികൾ പണം കെട്ടിവയ്ക്കാത്തതിന്മേൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | : (സി) ഇൻഷ്വറൻസ് കമ്പനികൾ പണം കെട്ടിവയ്ക്കാത്ത കേസുകളിൽ കേരള മോട്ടോർ വെഹിക്കിൾസ് റൂൾ 394 പ്രകാരം (സിവിൽ പ്രൊസിഡ്യൂർ കോഡ് ഓർഡർ XXI ചേർത്ത് വായിക്കുക) നടപടികളെടുക്കാൻ എം.എ.സി.റ്റി.കൾ പ്രതിജ്ഞാബദ്ധമാണ്. |
| (ഡി) അപകടത്തിൽ മരിച്ചവരുടേയും ചലനശേഷി നഷ്ടപ്പെട്ടവരുടേയും കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഇത്തരം കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കുമോ ? | : (സി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ